# വിദേശത്ത് പോകുന്നവർക്കുള്ള വാക്സിനേഷൻ



## സംശയങ്ങളും ഉത്തരങ്ങളും.

- **സംസ്ഥാന സർക്കാർ നൽകുന്ന കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റിന് അർഹരായവർ ആരൊക്കെയാണ്?**

  എ. 18 വയസ്സിന് മുകളിലുള്ള, കോവിഷീൽഡ്/കോവാക്സിൻ സ്വീകരിക്കുകയും വിദേശ യാത്രയ്ക്കായി വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ പാസ്പോർട്ട് നമ്പർ ഉൾപ്പെടുത്തുകയും ചെയ്യേണ്ടവർ

  ബി. കോവിഷീൽഡ് വാക്സിൻ സ്വീകരിക്കുകയും എന്നാൽ വിദേശ രാജ്യങ്ങളുടെ വാക്സിൻ നയപ്രകാരം വിദേശ യാത്രയ്ക്കായി വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ കോവിഷീൽഡ് എന്നതിന് പകരം ഓക്സ്ഫോർഡ് ആസ്ട്രസിനക്ക എന്ന് രേഖപ്പെടുത്തേണ്ടത് അനിവാര്യമായവർ

  സി. നിലവിലെ വാക്സിനേഷൻ സ്ഥിതി അനുസരിച്ച് അന്തിമ/ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ആവശ്യമുള്ളവർ

- **സംസ്ഥാന സർക്കാർ നൽകുന്ന വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്ത് ചെയ്യണം?**

  രണ്ടാം ഡോസ് സ്വീകരിച്ചതിന് ശേഷം വാക്സിനേഷൻ കേന്ദ്രത്തിൽ നിന്ന് താത്കാലികമായി ഒരു സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതായിരിക്കും തുടർന്ന് https://covid19.kerala.gov.in/vaccine/ സന്ദർശിച്ച് VACCINATION CERTIFICATE(GOING ABROAD) എന്ന് ടാബ് ക്ലിക്ക് ചെയ്യുക വാക്സിനേഷൻ കേന്ദ്രത്തിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റും മറ്റ് വ്യക്തിഗതവിവരങ്ങളും നൽകുക.

  നൽകിയ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ പരിശോധിച്ച ശേഷം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതായിരിക്കും.

  അംഗീകരിക്കപ്പെട്ട അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് ഓൺലൈനായി ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാം

**കൂടുതൽ വിവരങ്ങൾക്ക് ദിശ 1056, 104, 0471 2552056**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

2

# വിദേശത്ത് പോകുന്നവർക്കുള്ള വാക്സിനേഷൻ



## സംശയങ്ങളും ഉത്തരങ്ങളും.

- **വാക്സിനേഷൻ സർട്ടിഫിക്കറ്റിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച ഉടനെ തന്നെ സർട്ടിഫിക്കറ്റ് ലഭ്യമാകുമോ?**

  ഇല്ല.സമർപ്പിക്കപ്പെട്ട അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റിന് അർഹതയുള്ളവർക്ക് അനുവദിക്കുകയും ചെയ്യും. അനുവദിക്കപ്പെട്ട സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കാം

- **സർട്ടിഫിക്കറ്റ് ലഭിക്കുമെന്ന് ഞാൻ എങ്ങനെ അറിയും ?**

  നിങ്ങളുടെ അപേക്ഷ അംഗീകരിച്ചിട്ടുണ്ടെങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ നിങ്ങൾക്ക് ഇതിന്റെ എസ്.എം.എസ്. ലഭിക്കും. അതിന് ശേഷം നിങ്ങൾക്ക് https://covid19.kerala.gov.in/vaccine/ ൽ നിന്നും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാം.

- **എന്റെ അപേക്ഷ നിരസിക്കപ്പെട്ടാൽ എന്തു ചെയ്യണം?**

  നിങ്ങളുടെ അപേക്ഷ നിരസിക്കപ്പെടുകയാണെങ്കിൽ അപേക്ഷ നിരസിക്കുവാനുള്ള കാരണം കാണിക്കുന്ന എസ്.എം.എസ്. നിങ്ങൾക്ക് ലഭിക്കും. ആവശ്യമായ തിരുത്തലുകൾ വരുത്തി വീണ്ടും അപേക്ഷിക്കുക. വാക്സിനേഷന് അർഹനാണെങ്കിൽ നിങ്ങൾക്ക് വാക്സിൻ ലഭ്യമാകും.

**കൂടുതൽ വിവരങ്ങൾക്ക് ദിശ 1056, 104, 0471 2552056**


ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# വിദേശത്ത് പോകുന്നവർക്കുള്ള വാക്സിനേഷൻ




## സംശയങ്ങളും ഉത്തരങ്ങളും.

- **ഞാൻ കോവിഷീൽഡ് വാക്സിൻ ആദ്യ ഡോസ് സ്വീകരിച്ചു. എന്നാൽ ആദ്യ ഡോസ് സ്വീകരിച്ച് 84 ദിവസം കഴിഞ്ഞിട്ടില്ല. എനിക്ക് പോകേണ്ട രാജ്യം പൂർണ്ണമായ വാക്സിനേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. എനിക്ക് രണ്ടാം ഡോസ് വാക്സിൻ നേരത്തെ ലഭിക്കുമോ?**

ലഭിക്കും. ഈ സാഹചര്യത്തിൽ രണ്ടാം ഡോസ് വാക്സിൻ 4 മുതൽ 6 ആഴ്ചയ്ക്കുള്ളിൽ നൽകുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

- **രണ്ടാമത്തെ ഡോസ് വാക്സിൻ നേരത്തെ ലഭിക്കുവാൻ എന്താണ് ചെയ്യേണ്ടത്?**

മുൻഗണന ലഭിക്കുവാനായി https://covid19.kerala.gov.in/vaccine/ ൽ അപേക്ഷിക്കുക. അപേക്ഷിക്കുന്ന സമയത്ത് യാത്രാ വിവരത്തിന്റെ രേഖകൾ അപ്‌ലോഡ് ചെയ്യണം.

- **കോവിഷീൽഡ് രണ്ടാം ഡോസ് നേരത്തെ എടുത്ത എനിക്ക് കോവിൻ വെബ്സൈറ്റിൽ നിന്നും അന്തിമ സർട്ടിഫിക്കറ്റ് ലഭിക്കുമോ?**

ഇല്ല. നിലവിലുള്ള മാർഗ്ഗനിർദ്ദേശപ്രകാരം കോവിഷീൽഡ് രണ്ടാം ഡോസ് വാക്സിൻ 12 മുതൽ 16 ആഴ്ചയ്ക്കുള്ളിലേ എടുക്കാനാവൂ എന്നതിനാൽ കോവിൻ വെബ്സൈറ്റിൽ നിന്നും അന്തിമ സർട്ടിഫിക്കറ്റ് ലഭിക്കില്ല. പകരമായി സംസ്ഥാന സർക്കാർ നൽകുന്ന കോവിഡ് 19 സർട്ടിഫിക്കറ്റ് നിങ്ങൾക്ക് നൽകുന്നതാണ്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 84 ദിവസം മുമ്പ് രണ്ടാം ഡോസ് എടുക്കുവാനുള്ള സൗകര്യം കോവിൻ ആപ്പിൽ ലഭ്യമാക്കുമെങ്കിൽ സർട്ടിഫിക്കറ്റ് നിങ്ങൾക്ക് ലഭിക്കുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ദിശ 1056, 104, 0471 2552056**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

CRUSH THE CURVE · Break the Chain · Back to Basics

# വിദേശത്ത് പോകുന്നവർക്കുള്ള വാക്സിനേഷൻ



## സംശയങ്ങളും ഉത്തരങ്ങളും.

- **രണ്ടാം ഡോസ് വാക്സിൻ നേരത്തെ എടുത്തിട്ടുള്ള എനിക്ക് സംസ്ഥാനം നൽകുന്ന സർട്ടിഫിക്കറ്റ് എങ്ങനെ ലഭിക്കും?**

  https://covid19.kerala.gov.in/vaccine/ ൽ ഇതിനായി പ്രത്യേകം അപേക്ഷിക്കണം. രണ്ടാം ഡോസ് സ്വീകരിച്ച സമയത്ത് മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള പ്രൊവിഷണൽ സർട്ടിഫിക്കറ്റ് കൂടി അപ്‌ലോഡ് ചെയ്യുക

- **ഞാൻ വിദേശത്ത് വച്ച് ആസ്ട്രസിനക്ക വാക്സിൻ ആദ്യ ഡോസ് സ്വീകരിക്കുകയും ആദ്യ ഡോസ് സ്വീകരിച്ച് കഴിഞ്ഞ് 84 ദിവസം പൂർത്തിയാക്കിയിട്ടുമുണ്ട്. എനിക്ക് രണ്ടാം ഡോസ് വാക്സിൻ സംസ്ഥാനത്ത് നിന്ന് ലഭിക്കുമോ?**

  ലഭിക്കും. സംസ്ഥാനത്ത് നിന്നും രണ്ടാം ഡോസ് കോവിഷീൽഡ് വാക്സിൻ സ്വീകരിക്കാം. വാക്സിനേഷൻ കേന്ദ്രത്തിൽ രണ്ടാം ഡോസിനായി നിങ്ങളെ രജിസ്റ്റർ ചെയ്യിക്കുകയും ആദ്യ ഡോസിന്റെ വിവരങ്ങൾ കോവിൻ സൈറ്റിൽ നൽകുകയും ചെയ്യും. രണ്ടാം ഡോസ് നൽകിയ വിവരം രേഖപ്പെടുത്തതിന് ശേഷം നിങ്ങൾക്ക് കോവിൻ സൈറ്റിൽ നിന്ന് അന്തിമ സർട്ടിഫിക്കറ്റ് ലഭിക്കും.

- **ഞാൻ ആസ്ട്രസിനക്ക വാക്സിൻ ആദ്യ ഡോസ് വിദേശത്ത് നിന്നും സ്വീകരിച്ചു. ആദ്യ ഡോസ് കഴിഞ്ഞ് 84 ദിവസം പൂർത്തിയായിട്ടില്ല. വിദേശത്തേക്ക് തിരികെ പോകുന്നതിന് പൂർണ്ണമായ വാക്സിനേഷൻ നിർബന്ധിതമായതിനാൽ എനിക്ക് 84 ദിവസത്തിന് മുമ്പ് രണ്ടാം ഡോസ് വാക്സിൻ സ്വീകരിക്കാമോ?**

  സ്വീകരിക്കാം. സംസ്ഥാനത്ത് നിന്നും നിങ്ങൾക്ക് രണ്ടാം ഡോസ് കോവിഷീൽഡ് വാക്സിൻ സ്വീകരിക്കാം. മുൻഗണന ലഭിക്കുവാനായി https://covid19.kerala.gov.in/vaccine/ ൽ വാക്സിനേഷൻ രേഖകൾ നൽകി അപേക്ഷിക്കണം. സർട്ടിഫിക്കറ്റ് ലഭിക്കുവാനായി രണ്ടാം ഡോസ് സ്വീകരിച്ച സമയത്ത് മെഡിക്കൽ ഓഫീസർ നൽകിയിട്ടുള്ള പ്രൊവിഷണൽ സർട്ടിഫിക്കറ്റ് കൂടി https://covid19.kerala.gov.in/vaccine/ ൽ അപ്‌ലോഡ് ചെയ്യുക. ഈ സാഹചര്യത്തിൽ കോവിൻ സർട്ടിഫിക്കറ്റ് ലഭിക്കില്ല.

**കൂടുതൽ വിവരങ്ങൾക്ക് ദിശ 1056, 104, 0471 2552056**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ